No. CEE/4900/2015/KEAM-2016/TA1/FC

കേരള സർക്കാർ

പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# പത്രക്കുറിപ്പ്

# KEAM-2016

## വരുമാനത്തിന്റെ അടിസ്ഥാനത്തിലുള്ള ഫീസിളവുകൾ

### സ്വാശ്രയ മെഡിക്കൽ/ഡെന്റൽ കോളേജുകളിലും, എഞ്ചിനീയറിംഗ്/ ആർക്കിടെക്ചർ കോഴ്സുകളിലും പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വാർഷിക കുടുംബ വരുമാനം വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു

സംസ്ഥാനത്തെ സർക്കാർ നിയന്ത്രിത സ്വാശ്രയ/സ്വകാര്യ സ്വാശ്രയ മെഡിക്കൽ/ഡെന്റൽ കോളേജുകളിൽ 2016–17 അധ്യയനവർഷം എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിൽ പ്രവേശനം ലഭിച്ചിട്ടുള വിദ്യാർത്ഥികളിൽ നിശ്ചിത എണ്ണം വിദ്യാർത്ഥികൾക്ക് (എസ്.സി/എസ്.റ്റി/ഒ.ഇ.സി വിഭാഗക്കാർ ഒഴികെ) അവരുടെ വാർഷിക കുടുംബ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഫീസിളവിന് വിവിധ സർക്കാർ ഉത്തരവുകൾ പ്രകാരം അർഹതയുണ്ട്. കൂടാതെ 41 സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലും 25 സ്വകാര്യ സ്വാശ്രയ ആർക്കിടെക്ചർ കോളേജുകളിലും പ്രവേശന പരീക്ഷാ കമ്മീഷണറുടെ അലോട്ട്മെന്റ് വഴി പ്രവേശനം നേടിയ വിദ്യാർത്ഥികളിൽ പകുതി എണ്ണം വിദ്യാർത്ഥികൾക്ക് വാർഷിക കുടുംബ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഫീസിളവിന് ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ പ്രകാരം അർഹതയുണ്ട്. ഇതിനുപുറമെ സംസ്ഥാനത്തെ എല്ലാ സർക്കാർ/എയ്ഡഡ്/സർക്കാർ നിയന്ത്രിത സ്വാശ്രയ/സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലും **AICTE** മാനദണ്ഡങ്ങൾക്കനുസൃതമായി നിശ്ചിത എണ്ണം വിദ്യാർത്ഥികൾക്ക് **AICTE** ട്യൂഷൻ ഫീ വേയ്വർ ലഭിക്കാൻ അർഹതയുണ്ട്.

മേൽപ്പറഞ്ഞ വിവിധ ഫീസിളവുകൾക്ക് അർഹരായ വിദ്യാർത്ഥികളെ കണ്ടെത്തി പട്ടിക പ്രസിദ്ധീകരിക്കുന്നതിനു മുന്നോടിയായി വിദ്യാർത്ഥികൾ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സമർപ്പിച്ച 2016 ലെ അപേക്ഷയോടൊപ്പം ഹാജരാക്കിയിട്ടുള്ള വരുമാന സർട്ടിഫിക്കറ്റ് പ്രകാരമുള്ള വാർഷിക കുടുംബ വരുമാനം വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. വിദ്യാർത്ഥികൾ പ്രവേശനം നേടിയിരിക്കുന്ന കോളേജുകളുടെ അടിസ്ഥാനത്തിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ലിസ്റ്റിൽ അവരുടെ പേര്, റോൾ നമ്പർ, വിലാസം, വാർഷിക വരുമാനം എന്നിവ കാണിച്ചിട്ടുണ്ട്. പ്രസ്തുത ലിസ്റ്റിലെ ഏതെങ്കിലും വിദ്യാർത്ഥികളുടെ വാർഷിക വരുമാനം സംബന്ധിച്ച് പരാതികളോ, ആക്ഷേപങ്ങളോ ഉള്ളവർ തെളിവുകൾ സഹിതം ആയത് **2017 മാർച്ച് 10–ാം തീയതിയ്ക്കുമുൻപായി** **പ്രവേശന പരീക്ഷാ കമ്മീഷണർ, ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം-695001** എന്ന വിലാസത്തിൽ എത്തിക്കേണ്ടതാണ്. ലഭിക്കുന്ന പരാതികൾ ബന്ധപ്പെട്ട അധികാരികളുടെ പരിശോധനയ്ക്ക് വിധേയമാക്കുന്നതാണ്. നിശ്ചിത തീയതിയ്ക്കു ശേഷം സമർപ്പിക്കുന്ന പരാതികൾ പരിഗണിക്കുന്നതല്ല. കൂടാതെ പുതുതായി വരുമാന സർട്ടിഫിക്കറ്റുകൾ സമർപ്പിച്ചാൽ അവ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല.

തിരുവനന്തപുരം

04.03.2017

**പ്രവേശന പരീക്ഷാ കമ്മീഷണർ**